ഉത്തരം

(എ) ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ്, കുക്ക് എന്നീ തസ്തികകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടിട്ടില്ല. ഇവ സ്പെഷ്യൽ റൂൾസിൽ കൊണ്ടു വരുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് :

എസ്.എസ്.എൽ.സി.-യും ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയ ഫുഡ് & ബിവറേജസ് സർവ്വീസിലുള്ള ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത.

കുക്ക് :

എസ്.എസ്.എൽ.സിയും ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേടിയ ഫുഡ് പ്രൊഡക്ഷനിലുള്ള കെ.ജി.സി.ഇ. അല്ലെങ്കിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*)

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ രണ്ട് കാറ്റഗറികളിലേയും 50% തസ്തികകളിൽ ടൂറിസം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിണനയിലില്ല.

തിരുവനന്തപുരം നഗരത്തിലെ വികസന പ്രവർത്തനങ്ങൾ

135 (1893) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ആധാരമായ മാസ്റ്റർപ്ലാനിന് എന്നാണ് രൂപം നൽകിയതെന്ന് വ്യക്തമാക്കുമോ :

(ബി) പ്രസ്തുത മാസ്റ്റർപ്ലാൻ എത്ര വർഷം മുന്നിൽകണ്ടുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(സി) പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാർ ചെയ്തതിനുശേഷം റിവൈസ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് റിവൈസ് ചെയ്തതെന്ന് വ്യക്തമാക്കുമോ :

(ഡി) റിവൈസ് ചെയ്തപ്രകാരമുള്ള പ്ലാൻ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 27-4-1976-ൽ.

(ബി) 20 വർഷത്തെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. മാസ്റ്റർ പ്ലാനിന്റെ പുതുക്കിയ സോണിംഗ് റെഗുലേഷൻ 31-5-2007-ൽ റിവൈസ് ചെയ്തിട്ടുണ്ട്.

(ഡി) നഗര വിസ്തൃതി വീണ്ടും കൂടിയതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള വികസനങ്ങൾ പരിഗണിച്ചും നഗര പ്രദേശവും ചുറ്റുമുള്ള പഞ്ചായത്തുകളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ മാസ്റ്റർ പ്ലാനിന്റെ കരട് ജൂലായ് 2011-ൽ അന്തിമ രൂപത്തിലാകുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ഘടന

136 (1894) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ഘടനയിൽ പുതുതായി എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്നറിയിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഞ്ചായത്ത് രാജ് നഗരസഭാ ചട്ടങ്ങളിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) സ്റ്റാന്റിംഗ് കമ്മിറ്റികളിലെ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്താനായി എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും 2009-ൽ വന്ന ഭേദഗതികൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ സംഗതിയിൽ 3-ൽ നിന്നും 4 ആയും മുനിസിപ്പൽ കൗൺസിലുകളിൽ 5-ൽ നിന്നും 6 ആയും മുനിസിപ്പൽ കോർപ്പറേഷനുകളിൽ 7-ൽ നിന്നും 8 ആയും വർദ്ധിപ്പിക്കുകയും പുതിയതായി രൂപീകരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഏതാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ആക്ടുകളിലെ ഭേദഗതിയനുസരിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണത്തിലും അവയുടെ ഘടനയിലും അംഗങ്ങളുടേയും ചെയർമാന്റേയും തെരഞ്ഞെടുപ്പ് രീതിയിലും വന്ന മാറ്റങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട ചട്ടങ്ങളിലും ഭേഗതി വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ സ്ത്രീ സംവരണത്തിന് വ്യവസ്ഥ ചെയ്തതിനുപുറമേ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിലാക്കിക്കൊണ്ടും

LIBRARY ARCHIVES Kerala Legislative Assembly